# തൂലിക

little KITEs



# സന്ദേശം



റവ.ഫാ.ആന്റണി
തെക്കേമുറി

വികസന വഴിയിൽ ദ്രുതഗതിയിൽ സഞ്ചരിക്കുന്ന
നമ്മുടെ വെള്ളരിക്കുണ്ട് ദേശത്തിന്റെ തിലകക്കു
റിയാണ്
സെന്റ് ജൂഡ്സ് ഹയർ സെക്കന്ററി സ്കൂൾ.
പുതിയ അറിവുകൾ പഠിപ്പിക്കുന്നതിനപ്പുറം
പുതിയൊരു ജീവിതരീതി പഠിപ്പിക്കുകയാണ് വിദ്യാഭ്യാസം
എന്ന ബോധ്യത്തോടെ അറിവും നെറിവും
ഉള്ള തലമുറകളെ വാർത്തെടുക്കുന്ന
സാംസ്കാരികകേന്ദ്രം-വിദ്യാലയം.
പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും
സാമൂഹിക പ്രതിബദ്ധതയിലും മികവ് കാണിക്കുന്ന
നമ്മുടെ വിദ്യാർത്ഥികൾ ....അജ്ഞതയുടെ
ഇരുൾ ഭൂഖണ്ഡത്തിൽ അറിവിന്റേയും
മൂല്യബോധത്തിന്റേയും വിളക്ക് തെളിക്കുന്ന
ആത്മാർത്ഥതയുള്ള ഗുരുഭൂതർ ....വിദ്യാലയത്തിന്റേയും
വിദ്യാർത്ഥികളുടെയും സർവ്വതോന്മുഖമായ വളർച്ചയ്ക്ക്
അദ്ധ്വാനിക്കുന്ന രക്ഷകർത്താക്കൾ,അനധ്യാപകർ,
നല്ലവരായ നാട്ടുകാർ...ഈ കൂട്ടായ്മയാണ്
നമ്മുടെ കരുത്തും, വിജയവും, നന്മയും...
നാടിനെ ഐശ്വര്യ സമ്പന്നമാക്കുന്നഈ വിദ്യാലയം.

# ആശംസ



*JUSTIN MATHEW(HEAD MASTER )*

സെന്റ് ജൂഡ്സ് എച്ച് എസ് എസ് വെള്ളരിക്കുണ്ടിലെ little kites- കുട്ടികളുടെ മാഗസ്സിൻ,'തൂലിക' അവരുടെ സർഗ്ഗാത്മ കഴിവുകളെ വളർത്തിയെടുക്കാൻ പര്യാപ് തമാകുന്നതാണ്. ഈ മാഗസ്സിൻ പ്രകാശിതമാക്കാൻ പ്രയത്നിച്ച little kite കു ട്ടികൾ,അധ്യാപകർ,മറ്റു കുട്ടികൾ എന്നിവരെ  സ്മരിക്കുന്നു. ഒര ു പട്ടം പോലെ ഈ മാഗസ്സിൻ ഉയരങ്ങളിലേക്ക് ഉയരട്ടെ എന്ന് ആശംസക്കുന്നു.



## EDITORIAL BOARD


- ADARSH TOM (CHIEF EDITOR)
- ASWIN JOSEPH (EDITOR)

**MEMBERS:**

- HARI K.V
- EBIN JAMES
- AARON MATHEW
- DEVDEVAN
- ABHINANDHU
- SHIFA SHERIN
- TREESA SUNNY
- AYONA MONCY

## എഡിറ്റോറിയൽ


വെള്ളരിക്കുണ്ടിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സെന്റ് ജൂഡ്സ് എച്ച് എസ് എസ് വെള്ളരിക്കുണ്ട് സ്കൂളിൽ പഠിക്കാൻ കഴിഞ്ഞു എന്നത് ഒരു വലിയ ഭാഗ്യം. അതിലേറെ അഭിമാനമുണ്ട് ലിറ്റിൽ കൈറ്റ്സിൽ അംഗമായതും,അതിന്റെ മാഗസ്സിനിൽ പങ്കെടുത്ത് അതിനുവേണ്ടി സംഭാവന ചെയ്യാൻ ഞങ്ങൾക്ക് കഴിഞ്ഞതും. സാങ്കേതികവിദ്യകളെ പറ്റി നന്നായിട്ടറിയാനും അത് പ്രായോഗികമാക്കാനും ഞങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു. ഇതിനുവേണ്ടി പ്രവർ




ത്തിച്ച എല്ലാ നല്ല സുഹൃത്തുക്കളേയും സ്മരിക്കുന്നു. അടുത്തതായി ഞങ്ങളുടെ സൃഷ്ടികൾ നിങ്ങൾക്കായി സമർപ്പിക്കുന്നു. കൗതുകത്തിന്റെ വാതായനത്തിലേക്ക് സ്വാഗതം.

# ഉള്ളടക്കം

1) കാർട്ടൂൺ(ഓസ്റ്റിൻ ബെന്നി).......................8
2)യാത്രാവിവരണം(ആദർശ് ടോം)........9-14
3) കാർട്ടൂൺ(ആൽബർട്ട് ബിജു)................15
4) കവിത(ആൻ റോസ് ജോണി).................16
5) കാർട്ടൂൺ........................................17
6) കഥ(അശ്വിൻ ജോസഫ്).........................18
7) ടെക് ക്വിസ്(അശ്വിൻ ജോസഫ്)............19
8) സ്പോർട്ട്സ് കോർണർ(ആദർശ് ടോം)...20
9) കാർട്ടൂൺ(ഹരി കെ.വി)..........................21



# സെന്റ് ജൂഡ്സ്-നാൾവഴികളിലൂടെ

വെള്ളരിക്കുണ്ട് താലൂക്ക് ആസ്ഥാനത്ത് മലയോര മേഖലയുടെ പ്രകാശഗോപുരമായി സെന്റ് ജൂഡ്സ് ഹയർസെക്കൻഡറി സ്കൂൾ തലയുയർത്തി നിൽക്കുന്നു. കർമ്മധീരരായ വെള്ളരിക്കുണ്ട് നിവാസികളുടെയും അവർക്കു ത്യാഗപൂർണമായ നേതൃത്വം നൽകിയ വെരി.റവ. ഫാദർ അലക്സ് മണകാട്ടുമറ്റത്തിന്റെയും അക്ഷീണ പരിശ്രമഫലമാണ് 1982-ൽ സെന്റ് ജൂഡ്സ് ഹൈ സ്കൂൾ സ്ഥാപിതമായത്. അങ്ങനെ കുടിയേറ്റ ജനതയുടെ ഉന്നത വിദ്യാഭ്യാസത്തിനു ഹൈ സ്കൂൾ എന്ന ചിരകാല സ്വപ്നം സാക്ഷാൽ ക്കരിക്കപ്പെട്ടു. മലയോര ജനതയുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് സുപ്രധാന പങ്കുവഹിച്ചുകൊണ്ട് ഈ വിദ്യാലയം വളർച്ചയുടെ മൂന്നുപതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു.

ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ റവ. ഫാ. അലക്സ് മണക്കാട്ടുമറ്റവും പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ.എ.വി.ജോർജ്ജുമാണ്. പാഠ്യ-പാഠ്യേതര രംഗങ്ങളിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് നാടിന്റെ അഭിമാനമായി മാറാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ച വൈദികശ്രേഷ്ഠർ,പ്രധാന അധ്യാപകർ,അധ്യാപക-അനധ്യാപകർ,വിദ്യാർത്ഥികൾ,നാട്ടുകാർ എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം.




ര

*AUSTINE BENNY*

# ഒരു നേപ്പാൾ യാത്ര



*ADARSH TOM(Chief Editor)*

ജീവിതത്തിലെ ഒരു അവിസ്മരണീയ യാത്ര.അതായിരുന്നു എന്റെ നേപ്പാൾ യാത്ര. ഞങ്ങൾ ബസ്സിൽ ബാംഗ്ലൂർക്ക്. ഞാനും പപ്പയും അമ്മയും ചേച്ചിയും.അവിടെനിന്നും വിമാനമാർ-ഗ്ഗം ലക്നൗവിലെത്തി. അന്ന് അവിടെ പപ്പയുടെ ഫ്രണ്ടിന്റെ അടുത്ത് താമസിച്ചു. പിറ്റേന്ന് ഗോരഖ്പൂർ വഴി ഇന്ത്യ-നേപ്പാൾ അതിർ-ത്തിയായ സുനോലിയിലെത്തി. ഇന്ത്യക്കാർക്ക് വിസയില്ലാതെ യാത്ര ചെയ്യാനും സാധിക്കുന്ന രാജ്യമാണ് നേപ്പാൾ. ചെക്കിംഗ് കഴിഞ്ഞ്

അതിർത്തി കടന്നു.ഒരു ഹോട്ടലിൽ തങ്ങി. രാവിലെ ലുംബിനി വിമാനത്താവളത്തിലെത്തി. കണ്ടപ്പോൾ നമ്മു ടെ നാട്ടിലെ വലിയൊരു കെ.എസ്.അർ.ടി.സി ബസ്സ്റ്റാന്റുപോലെ തോന്നിപ്പിച്ചു. അവിടെ നിന്നും നേപ്പാളിലെ ഏറ്റവും വലുതും സലസ്ഥാനവുമായ കാഠ്മണ്ഡുവിലേക്ക് വിമാനം കയറി.

വിമാനത്തിന്റെ കിളിവാതിലൂടെ ചുമ്മാ താഴേക്ക് നോക്കിയിരുന്നു. താഴെ മേഘക്കൂ-ട്ടങ്ങൾ, അതിനിടയിലൂടെ ഉയർന്നു നിൽക്കു ന്ന മഞ്ഞിൽ പുതച്ച പർവ്വതനിരകൾ. വിമാനം ഇറങ്ങാൻ പോകുന്നു. നേപ്പാളിന്റെ ദൃശ്യഭംഗി ആകാശത്തുനിന്നും ഇപ്പോൾ വ്യക്തമായി കാണാം. താഴെ തീപ്പെട്ടിക്കൂടു കൾ അടുക്കിവെച്ചപോലെ ചെറിയ ഉയരത്തിൽ നിരനിരയായി കെട്ടിടങ്ങൾ. അതിനിടയിൽ ചെറിയ വെള്ളക്കെട്ടുകളും അരുവികളും. ഹരിതവർണ്ണമായ

കൃഷിയിടങ്ങൾ. ആകാശക്കാഴ്ച്ചകൾക്ക് ഭൂമിയോട് അടുക്കുംതോറും അഴക് കൂടിക്കൂടി വന്നു. സാവധാനം കാഠ്മണ്ഡുവിലെ തിരുഭവൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിലംതൊട്ടു. എമിഗ്രേഷൻ ക്ലിയറൻസ് കഴിഞ്ഞ് ഞങ്ങൾ പുറത്തേക്ക് നേപ്പാളിന്റെ മനോഹാരിതയിലേക്ക്. കേരളത്തിലെ തിരക്കുള്ള ചെറിയ പട്ടണത്തെ ഓർമ്മിപ്പിക്കും വിധം ചെറുതും വലുതുമായ നിരവധി വാഹനങ്ങൾ. ആരുംതന്നെ ഹോൺ അടി-ക്കുന്നില്ലല്ലോ എന്ന് അമ്മ പറഞ്ഞപ്പോഴാണ് ഞങ്ങൾ അത് ശ്രദ്ധിച്ചത്. പൊടിശല്യം അന്തരീക്ഷത്തിൽ രൂക്ഷമായതുകൊണ്ട് ആളുകൾ മുഖാവരണം ധരിച്ചിരിക്കുന്നു. റോഡിനിരുവശവും കരകൗശല വസ്തുക്കളും നെയ്തെടുത്ത ഷാളും കമ്പിളി വസ്ത്രങ്ങളും വില്ലക്കുന്ന ധാരാളം കടകൾ.

അൽപ്പ വിശ്രമത്തിനുശേഷം തടാകക്കരയിലേക്ക്. ചെറിയ ചാറ്റൽമഴ.

12


തണുത്ത കാറ്റ് വീശിയടിക്കുന്നുണ്ടായിരുന്നു. ഒരു ഭാഗത്ത് നിശബ്ദമായി ഉറങ്ങിക്കിടക്കുന്ന തടാകം. മറുവശത്ത് വലിയ മലകൾ. ധാരാളം മീൻകിട്ടുന്ന ശുദ്ധജല തടാകം. തടാകത്തിനുള്ളിൽ ബാറാവി മന്ദിർ-ഒരു തടാകം. അവിടെ ഒരു ദ്വീപ്.    അവിടെ ഒരു ക്ഷേത്രം. മഴ കാരണം ബോട്ട് സർവ്വീസ് നിർത്തിവച്ചിരുന്നതിനാൽ ഞങ്ങൾക്ക് അങ്ങോട്ടേക്ക് എത്താൻ സാധിച്ചില്ല.

അടുത്ത ദിവസം രാവിലെ ഞങ്ങൾ സാരൻകോട്ട് എന്ന സ്ഥലത്തേക്ക് സൂര്യോദയം കാണുവാൻ പോയി. ഒരു വലിയ മലമുകളിൽ ധാരാളം വ്യൂ പോയിന്റ്സ്. അവിടെനിന്നും നോക്കുമ്പോൾ വളരെ അടുത്ത് ഹിമാലയൻ മലനിരകൾക്കിടയിൽ സൂര്യോദയം. പുസ്തകങ്ങളിൽ വായിച്ച് പരിചയിച്ച ഹിമവാൻ എന്നെ നോക്കി പുഞ്ചിരിക്കുന്നതുപോലെ തോന്നി. അതൊരു കാണേണ്ട കാഴ്ചതന്നെയാണ്.   തിരിച്ചിറങ്ങി

റിസോർട്ടിലേക്ക്. വരുന്ന വഴി ഒരു ബു
ദ്ധക്ഷേത്രത്തിൽ കയറി.
താമസസ്തലത്തെത്തി നേപ്പാളിന്റെ തനതു
ഭക്ഷണമായ നേപ്പാളി മൊമൊ കഴിച്ചു.
എന്റെ ചേച്ചിക്ക് അത് തീരെ പിടിച്ചില്ല.
അന്ന് ഞങ്ങൾ താമസിച്ചു. ഗൂർഖാ മന്ദിരം
സന്ദർശിച്ചു.

കാശി-വാരണാസി നേരിൽ
കണ്ടപ്പോൾ സന്തോഷമായി. ഇടുങ്ങിയ
വഴികൾ. വഴികളിലെല്ലാം പശുക്കളെ കാണാം.
പുണ്യനദിയായ ഗംഗയിലൂടെ ഒരു ബോട്ട്
യാത്ര നദിക്കരയിൽ.

പിറ്റേന്ന് രാവിലെ ലക്‌നൗ വിമാന
താവളത്തിൽ നിന്നും ബാംഗ്ലൂർക്ക്
കണ്ടതിനേക്കാളേറെ കാണാത്ത കാഴ്ച്ചകൾ
ബാക്കി വെച്ച് ഓർമ്മകളുടെ ഭാണ്ഡവും പേറി
വീട്ടിൽ തിരിച്ചെത്തുമ്പോൾ ഒറ്റ ചോദ്യമേ
മനസ്സിൽ ബാക്കിയുണ്ടായിരുന്നുള്ളൂ. ഇനി
എന്നാണ് ഇതുപോലൊരു യാത്ര...


By ALBERT BIJU
VIII E
Scanned with
CamScanner

# കണ്ണട


*ANN ROSE JOHNY*

കണ്ണട കണ്ണിൽ വെച്ചുകൊണ്ടച്ഛൻ
കണ്ണട തപ്പോടുതപ്പ്
കട്ടിലിലും പിന്നെ മേശപ്പുറത്തും
അലമാരയിലും തപ്പോടുതപ്പ്

കണ്ണട കണ്ടോടാ? കണ്ണട കണ്ടോടീ?
കണ്ടവരോടൊക്കെ ചോദിച്ചച്ഛൻ
കണ്ണിലിരിക്കുന്ന കണ്ണടകണ്ട്
കുട്ടികളെല്ലാവരും ഒച്ചവെച്ചു.

നല്ലതുചെയ്യാനും നല്ലതുകാണാനും
കണ്ണടയാകുന്ന ജ്ഞാനം വേണം
അകതാരിൻ നന്മകൾ തെളിയിച്ചു കാണിക്കാൻ
എപ്പോഴും നന്മകൾ ചെയ്തീടണം.



HARI K V

17


# തൊപ്പി വെച്ചാൽ

കുരങ്ങൻ കാട്ടിൽ മരക്കൊമ്പിൽ ഇരിക്കുമ്പോഴാണ് അതുവഴി ചിലർ കടന്നുപോകുന്നത് കണ്ടത് ഒരാളുടെ തലയിൽ തിളങ്ങുന്ന ഒരു തൊപ്പി-യുണ്ട്! അയാളുടെ പിന്നാലെ
ബഹുമാനത്തോടെ രണ്ടുപേർ നടക്കുന്നു മിക്കൻ ആലോചിച്ചു, ആ തൊപ്പി വച്ചാൽ എന്നെ എല്ലാവരും ബഹുമാനിക്കും ! അതു തട്ടിയെടുക്കാം !. അതു രാജാവാണെന്ന് മിക്കന് മനസ്സിലായില്ല. തലയിലെ തൊപ്പി കിരീടവും രാജാവിന്റെ അംഗരക്ഷകരും ആയിരുന്നു കൂടെ. മിക്കൻ പാഞ്ഞുചെന്ന് കിരീടം തട്ടിയെടുത്ത് മരത്തിലെക്ക് പാഞ്ഞു. ഷ്യൂ...! അടുത്ത നിമിഷം ഒരമ്പ് മൂളിപ്പാഞ്ഞ് വന്ന് മിക്കന്റെ തൊട്ടടുത്ത് വന്നു തറച്ചു. പേടിച്ച് വിറച്ച മിക്കൻ തൊപ്പി താഴെയിട്ടു. രാജാവ് പറഞ്ഞു ആ പാവത്തെ കൊല്ലണ്ട മിക്കൻ മരക്കൊമ്പിലിരുന്ന് നോക്കി. അതാ രാജാവ് കുടിലിൽ ഇരിക്കുന്ന ഒരാളെ വണങ്ങുന്നു. അതു രാജാവിന്റെഎ ഗ ◌ുരുനാഥനായിരുന്നു. മിക്കൻ ആലോചിച്ചു കുടിലിന് മുമ്പിലിരിക്കുന്ന ആൾക്ക് തലയിൽ തൊപ്പിയുമില്ല തിളങ്ങുന്ന വസ്ത്രവുമില്ല. എന്നിട്ടും തൊപ്പിക്കാരൻ അദ്ദേഹത്തെ വണങ്ങുന്നുണ്ടല്ലോ.വേഷം കൊണ്ട് മാത്രമല്ല, മറ്റുള്ളവർ ബഹുമാനിക്കുന്നു എന്ന് മിക്കന് അതോടെ മനസ്സിലായി.

# SPORTS CORNER

1. MIND YOUR MIND
2. SHADES OF RECOVERY
3. CAN'T YOUR COUNT
4. GO BEYOND YOURSELF
5. YOU ARE WHAT YOU EAT
6. KNOW WHEN TO SAY WHEN
7. BE AN INTELLIGENT SUPPLEMENT TAKER
8. ACTIVE RECOVERY
9. CHIROPRACTIC CARE
10. MORE MAINTAINCE
11. YOU GET ONE BODY TAKE CARE OF IT
12. KNOW WHEN THE TANK IS FULL
13. BEWARE OF THE LATEST AND GREATEST ANYTHING
14. SPEED IS THE ANSWER
15. SPEED SEPRATES THE LEVEL
16. HIGH SPEED IS THE BEST SPEED
17. EVERYONE IS A SPRINTER
18. MORE PLAYS TO BE MADE
19. IF THEY CAN'T CATCH YOU,THEY CAN'T
20. FIT OR FAST

*Aswin Joseph*






ST JUDES HSS VELLARIKKUNDU